(7) പ്രീജയുടെ മരണം

<u>ശ്രീ. കെ. രാജു</u>: സർ, എന്റെ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കുളത്തുപ്പുഴ പോലീസ് സ്റ്റേഷൻ പരിധിയിൽ വാവാച്ചി എന്നുവിളിക്കുന്ന പ്രീജ എന്ന സ്ത്രീ 18-5-2014-ന് 11 മണിയോടുകൂടി ദുരൂഹ സാഹചര്യത്തിൽ മരണപ്പെടുകയുണ്ടായി. ഇവരുടെ ഭർത്താവ് കുളത്തുപ്പുഴ സ്വദേശി ബിജുകുമാർ ഗൾഫിലാണ്. എട്ടും നാലും വയസ്സുള്ള ആൺകുട്ടികളുടെ മാതാവുകൂടിയായ ഇവർ ആത്മഹത്യ ചെയ്യേണ്ട സാഹചര്യങ്ങളൊന്നുമില്ല. ഇവർ മരണപ്പെടുന്നതിന് തൊട്ടുമുമ്പ് കുളത്തുപ്പുഴ ചോഴിയക്കോട് സ്വദേശിയും അടുത്ത വീട്ടിൽ താമസിക്കുന്ന മറ്റൊരാളും പ്രീജയുമായി ഫോണിൽ മോശപ്പെട്ട രീതിയിൽ സംസാരിക്കുകയും ചെയ്തിരുന്നതിന് സമീപവാസികളിൽനിന്നും തെളിവുകളുമുണ്ട്. ഉച്ചയ്ക്ക് കഴിക്കാനുള്ള ആഹാരം പാകം ചെയ്യുന്നതിന് കറികൾക്ക് അരിഞ്ഞുവയ്ക്കുകയും ഇറച്ചി പാചകം ചെയ്യ വയ്ക്കുകയും ചെയ്തതിനുശേഷമാണ് മരണമുണ്ടായത്. ഈ മരണമുണ്ടായതിൽ വളരെ ദുരൂഹത നിലനിൽക്കുകയാണ്. പരാതിപ്പെട്ടിട്ടും കാര്യമായ അന്വേഷണം നടക്കുന്നില്ല. ഫോൺ ചെയ്ത ആളിന്റെയും സമീപവാസിയുടെയും പേര് പറഞ്ഞുകൊടുത്തെങ്കിലും പോലീസ് അന്വേഷിക്കുകയോ അവരെ ചോദ്യം ചെയ്യുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഈ ദുരൂഹ മരണത്തിന്റെ യഥാർത്ഥ വസ്തുത വെളിച്ചത്ത് കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എന്റെ സബ്മിഷൻ.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. മുരളീധരൻ.)

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, കുളത്തുപ്പുഴ പോലീസ് സ്റ്റേഷൻ പരിധിയിലെ അയ്യൻപിള്ളവളവ് ഗണപതിവിലാസം വീട്ടിൽ ബിജുവിന്റെ ഭാര്യ വാവച്ചി എന്നു വിളിക്കുന്ന 27 വയസ്സുള്ള പ്രീജയെ വീടിന്റെ കിടപ്പുമുറിയിൽ തൂങ്ങിമരിച്ച നിലയിൽ 18-5-2014-ന് രാവിലെ 11.30 മണിയോടെ കാണപ്പെട്ടു. ഈ സംഗതിക്ക് പ്രീജയുടെ സഹോദരന്റെ ഭാര്യ ശാലിനിയുടെ മൊഴി പ്രകാരം സി.ആർ.പി.സി. 174-ാം വകുപ്പനുസരിച്ച് ക്രൈം നമ്പർ 521/14 ആയി കുളത്തുപ്പുഴ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടം നടത്തി മൃതദേഹം സംസ്കരിക്കുന്നതിനായി ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ പ്രീജയുടേത് തൂങ്ങിമരണമാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. ഈ കേസ്സിന്റെ അന്വേഷണം കുളത്തുപ്പുഴ സബ് ഇൻസ്പെക്ടർ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രീജയുടെ ഭർത്താവ് വിദേശത്ത് ജോലി ചെയ്യുകയാണ്. പ്രീജയുടെ മൊബൈൽ ഫോൺ കോൾ വിവരങ്ങളെപ്പറ്റി സൈബർ സെൽ മുഖേന അന്വേഷണം നടത്തിയതിൽ മരിക്കുന്നതിനുമുമ്പ് ചോഴിയക്കോട് കല്ലുകഴി വീട്ടിൽ വിജയൻ മകൻ നിജിൻ 23 വയസ്, എന്ന ആൾ തന്റെ മൊബൈൽ ഫോണിൽ നിന്നും നിരവധി തവണ പ്രീജയെ വിളിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ തെളിവിന്റെയും മറ്റ് സാക്ഷിമൊഴികളുടെയും അടിസ്ഥാനത്തിൽ നിജിനെ പ്രതിയാക്കി ഐ.പി.സി. 306-ാം വകുപ്പ് ചേർത്ത് അന്വേഷണം നടത്തി ബഹുമാനപ്പെട്ട പുനലൂർ ജെ.എഫ്.സി.എം. കോടതി മുമ്പാകെ റപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രതി ഒളിവിൽ പോയതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇയാൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷയിൽ അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ കീഴടങ്ങണമെന്ന നിർദ്ദേശത്തോടുകൂടി പ്രതിക്ക് ജാമ്യം നിരസിച്ചിട്ടുള്ളതാണ്. അന്വേഷണത്തിൽ പ്രീജ മേൽപ്പറഞ്ഞ നിജിനുമായി എങ്ങനെയോ അടുപ്പത്തിലാവുകയും നിരന്തരം ഫോണിലും മറ്റും ബന്ധം പുലർത്തിവരവെ നിജിനുമായി കലഹിച്ചതിന്റെ പേരിൽ തൂങ്ങിമരിച്ചതാണെന്നാണ് പ്രാഥമികമായി വെളിവായിട്ടുള്ളത്. പ്രീജയുടെ അയൽവാസിയായ അനിയൻകുഞ്ഞ് എന്ന വ്യക്തിക്ക് മരണത്തിൽ എന്തെങ്കിലും പങ്കുള്ളതായി ഇതുവരെ തെളിവ് ലഭിച്ചിട്ടില്ല. പോലീസ് ഇതുസംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തിവരികയാണ്.

(8) പോലീസ് സേനയിലെ സംഘടനാ സ്വാതന്ത്ര്യം

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, പോലീസ് സേനയിലെ സംഘടനാ സ്വാതന്ത്ര്യത്തിന്റെ പേരിൽ ഉണ്ടാകുന്ന അസ്വാരസ്യങ്ങളെ സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പോലീസിന്റെ സംഘടനാ സ്വാതന്ത്ര്യം ജനാധിപത്യത്തിന്റെ വികാസത്തിന്റെ ഭാഗമായിട്ടാണ് ആരംഭിച്ചത്. അത് കക്ഷിരാഷ്ട്രീയ വൽക്കരണം, പക്ഷഭേദം, സ്വജനപക്ഷപാതം എന്നിവയാകാൻ പാടില്ല. ചേരിതിരിവോ രാഷ്ട്രീയ കക്ഷികളുടെ ഭാഗമോ ആകാനും പാടില്ല. സ്വതന്ത്രവും നിഷ്പക്ഷവുമാണ് പരിഷ്കൃതമായ പോലീസിന്റെ നേതൃത്വം. എന്നാൽ ഇന്ന് ആ സ്ഥിതി കേരളത്തിൽ മാറിയിരിക്കുകയാണ്. ആഭ്യന്തര വകുപ്പുമന്ത്രി ധാരാളം നല്ല കാര്യങ്ങൾ ചെയ്യാൻ പരിശ്രമിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അറിവോടുകൂടിയാണോ നടക്കുന്നതെന്നറിയില്ല. പോലീസ് അസോസിയേഷൻ കേരളത്തിലെ ഗവൺമെന്റിന്റെ രാഷ്ട്രീയ നേതൃത്വം നടത്തുന്ന സംഘടനയുടെ പോഷക സംഘടനയായിട്ടാണ് പ്രവർത്തിക്കുന്നത്. സ്ഥലം മാറ്റത്തിന് യാതൊരു